നം.CEIA/1049/2024/B3

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി - 08.07.2025

## സർക്കുലർ

വിഷയം: ജലസേചനം – ജീവനക്കാര്യം - ക്ലർക്കുമാർക്ക് സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം - സർവ്വീസ് കാർഡ് ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന -1) ഐ.സി 3-3538/2023 തീയതി 23.05.2023
2) ഐ.സി 3/8184/2023 തീയതി 16.12.2023

ജലസേചനവകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിനായി സൂചന (1), (2) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾ വിജയിച്ച ക്ലർക്കുമാരിൽ നിന്നും സർവ്വീസ് കാർഡ് ക്ഷണിക്കുന്നു. ടി ജീവനക്കാർ സർവ്വീസ് കാർഡും, ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയ വകുപ്പ തല പരീക്ഷകൾ വിജയിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പും **15.07.2025** - നകം "servicecard2025@gmail.com" എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രൊബേഷൻ പൂർത്തീകരിച്ച തീയതി, ഉത്തരവ് നമ്പർ, പെൻ നമ്പർ, സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ എന്നിവ സർവ്വീസ് കാർഡിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. 50 വയസ്സ് പൂർത്തിയായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്ത ക്ലർക്കുമാരുടെ സർവ്വീസ് കാർഡ് മേലധികാരി വിശദമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതും സേവനപുസ്തകം ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

യു.ഡി ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സീനിയർ ക്ലർക്കായി conversion -ന് അപേക്ഷിക്കുന്നതിന് അർഹതയുള്ള ജീവനക്കാർ സർവ്വീസ് കാർഡിനൊപ്പം വകുപ്പുതല പരീക്ഷകൾ വിജയിച്ച സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

സർവീസ് കാർഡുകൾ ഉചിത മാർഗേന ലഭ്യമാക്കേണ്ടതാണ്. നേരിട്ട് അയയ്ക്കുന്ന സർവീസ് കാർഡുകൾ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുന്നതല്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെയും ഉപ കാര്യാലയങ്ങളിലെയും സർവീസ് കാർഡുകൾ ക്രോഡീകരിച്ച് ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിലവിൽ സർവ്വീസ് കാർഡ് നൽകിയിട്ടുള്ള ജീവനക്കാർ വീണ്ടും സർവ്വീസ് കാർഡ് നൽകേണ്ടതില്ല.

സീനിയർ സൂപ്രണ്ട്
ഇറിഗേഷൻ